"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ (2025-26) - പദ്ധതിയുമായി ബന്ധപ്പെട്ട് 2024-25 വർഷത്തിൽ നൽകാനുള്ള തുക നടപ്പ് വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു നൽകുന്നത്- ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ടൂറിസം (സി) വകുപ്പ്**

സ.ഉ.(സാധാ) നം.405/2025/TSM    തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. 05.07.2024 ലെ സ.ഉ (സാധാ)നം. 308/2024/TSM നം ഉത്തരവ്
2. 05.05.2025 ലെ സ.ഉ (സാധാ)നം. 247/2025/TSM നം ഉത്തരവ്
3. 13.05.2025 ലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/1248/2025 CA3 നം കത്ത്.

**ഉത്തരവ്**

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2024-2025 സാമ്പത്തിക വർഷത്തിൽ പരാമർശം (1) പ്രകാരവും, 2025-26 സാമ്പത്തിക വർഷത്തിൽ പരാമർശം (2) പ്രകാരവും, ഓരോ സാമ്പത്തിക വർഷവും 10,69,20,000/- രൂപ നിരക്കിൽ, ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 2024-25 എന്ന പദ്ധതി തുകയിൽ നിന്നും എറണാകുളം ജില്ലയ്ക്ക് 33,52,276/- രൂപയും, കൊല്ലം ജില്ലയ്ക്ക് 51,03,000/- രൂപയും ഉൾപ്പെടെ ആകെ 84,55,276/- രൂപ 5452-01-101-99-00-34-03 (p) എന്ന ശീർഷകത്തിൽ നിന്നും ഇ-ലെഡ്ജർ വഴി പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ട തുകയായ 84,55,276/-രൂപ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച തുകയിൽ നിന്നും റിലീസ് ചെയ്ത് നൽകുന്നത് പ്രായോഗികമല്ലെന്ന് കണ്ടെത്തുകയുണ്ടായി. ആയതിനാൽ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിന്റെ നടത്തിപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ആകെ ചെലവ് 10,69,20,000./- രൂപയിൽ നിജപ്പെടുത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി 2024-25 വർഷത്തെ ടി പദ്ധതിയുമായി ബന്ധപ്പെട്ട് നൽകാനുള്ള **എറണാകുളം ജില്ലയ്ക്ക് 33,52,276/- രൂപയും, കൊല്ലം ജില്ലയ്ക്ക് 51,03,000/- രൂപയും ഉൾപ്പെടെ ആകെ** 84,55,276/- രൂപ (എൺപത്തി നാല് ലക്ഷത്തി അൻപത്തയ്യായിരത്തി ഇരുന്നൂറ്റി എഴുപത്താറ് രൂപ മാത്രം) 5452-01-101-99-00-34-03 (P) ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും നടപ്പ് വർഷം അനുവദിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 & 1 ) കേരള, തിരുവനന്തപുരം
4. ചീഫ്, പ്ലാൻ കോ ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
5. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ്
7. വിവര പൊതുജന സമ്പർക്ക വകുപ്പ്
8. കരുതൽ ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം. സി1/181/2025-ടൂർ )

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 03-07-2025 16:32:00

സെക്ഷൻ ഓഫീസർ